SJD/3827/2022 - C2

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :31-01-2023
Email -swdkerala@gmail.com
Phone : 0471 – 2306040

**സർക്കുലർ**

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്ന വാഹനങ്ങളുടെ കരാർ കാലാവധി നീട്ടുന്നത് - സംബന്ധിച്ച്.

സൂചന: വിവിധ കാര്യാലയങ്ങളിൽ നിന്നുള്ള അപേക്ഷകൾ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വാഹനമില്ലാത്ത കീഴ് കാര്യാലയങ്ങളിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് വാഹനം വാടകക്കെടുത്ത് ഉപയോഗിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുമതി നൽകി ഉത്തരവാകുകയും തുടർന്ന് 2022 ഡിസംബർ മാസം 31 വരെ 26/09/2022 ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം കരാർ കാലാവധി നീട്ടി നൽകുകയും തുടർന്ന് 28/12/2022 ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം 2023 ജനുവരി 31 വരെ കരാർ കാലാവധി നീട്ടി നൽകുകയും ചെയ്തിരുന്നു. കരാർ വാഹനങ്ങൾക്ക് നിലവിൽ നൽകി വരുന്ന നിരക്ക് വളരെ കുറവാണെന്ന പരാതികൾ ലഭിച്ചതിനാൽ തുക വർദ്ധിപ്പിക്കുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ അനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വാഹനം ലഭ്യമാക്കുവാൻ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാലും, ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഔദ്യോഗിക വാഹനം അനിവാര്യമായതിനാലും കീഴ്കാര്യാലയങ്ങളിൽ നിലവിൽ കരാറടിസ്ഥാനത്തിൽ ഉപയോഗിച്ചു വരുന്നതും കരാർ കാലാവധി കഴിയുന്നതുമായ വാഹനങ്ങൾ **2023 മാർച്ച് മാസം 31 വരെ** നിലവിലെ നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി താൽക്കാലികമായി തുടർന്നും ഉപയോഗിക്കുന്നതിനു അനുമതി നൽകുന്നു.

**എം അഞ്ജന ഐ എ എസ്**
**സാമൂഹ്യനീതി ഡയറക്ടർ**

പകർപ്പ്
1.ബന്ധപ്പെട്ട കീഴ് കാര്യാലയ മേധാവികൾക്ക്
2.അക്കൌണ്ട്സ്, ബിൽ സെക്ഷൻ
3.സ്റ്റോക്ക് ഫയൽ